# കേരള സർവകലാശാല

നം.പി.ആർ.173/2019 ഫോൺ: 2305738

# പത്രക്കുറിപ്പ്

## പ്രാക്ടിക്കൽ

2019 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് പരീക്ഷ യുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 22 മുതൽ അതാത് കോളേജുകളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

മൂന്നാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) മേയ് 2019 (സപ്ലിമെന്ററി) പ്രാക്ടിക്കൽ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചുകളുടെ പ്രോഗ്രാമിംഗ് ലാബ് യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്ത് വെച്ച് ആഗസ്റ്റ് 16 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷ തീയതി

2019 ആഗസ്റ്റ് 19, 21 തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകൾ യഥാക്രമം ആഗസ്റ്റ് 22, 29 തീയതികളിലേയ്ക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

2019 ആഗസ്റ്റ് 30, സെപ്റ്റംബർ 2, 4 തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.എം ഡിഗ്രി പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 3, 5, 17 തീയതികളിലേയ്ക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

## ക്ലാസ് ഇല്ല

വിദൂര വിദ്യാഭ്യാസ വിഭാഗം തിരുവനന്തപുരം, കൊല്ലം സെന്ററുകളിലെ ആഗസ്റ്റ് 10, 11 തീയതികളിലെ എല്ലാ ക്ലാസുകളും മാറ്റിവെച്ചു.

## ടൈംടേബിൾ

2019 ആഗസ്റ്റ് 26 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ റീസ്ട്രക്ച്ചേർഡ്/വൊക്കേഷണൽ ഡിഗ്രി കോഴ്സുകളുടെ മേഴ്സിചാൻസ് (2008 അഡ്മിഷൻ വരെ)/സപ്ലിമെന്ററി (2009 അഡ്മിഷൻ) പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. യു.ഐ.ടി തിരുവനന്തപുരം, കൊല്ലം, അടൂർ, ആലപ്പുഴ എന്നീ കേന്ദ്രങ്ങളിൽ മാത്രമാണ് പരീക്ഷ നടത്തുന്നത്. വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത കോളേജുകളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി, മേൽ പറഞ്ഞ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ആഗസ്റ്റിൽ നടത്തുന്ന ആറാം സെമസ്റ്റർ (2011 സ്കീം – സപ്ലിമെന്ററി), സെപ്റ്റംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ (2018 സ്കീം – റെഗുലർ, 2014 സ്കീം – ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി) (ബി.എച്ച്.എം/ബി.എച്ച്.എം.സി.റ്റി) ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാലയുടെ പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പിനുളള (റെഗുലർ/ബ്രിഡ്ജ് 2018 – 19) അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷാഫോറം research.keralauniversity.ac.in or research.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. യോഗ്യരായ വിദ്യാർത്ഥികൾ അപേക്ഷാ ഫോറവും അനുബന്ധ രേഖകളും രജിസ്ട്രാർ, കേരള സർവകലാശാല, എസ്.എച്ച് കാമ്പസ്, പാളയം തിരുവനന്തപുരം 695034 എന്ന വിലാസത്തിൽ ആഗസ്റ്റ് 24 5 മണിയ്ക്ക് മുൻപ് സമർപ്പിക്കേണ്ടതാണ്.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം പി.എം.ജിയിലെ സി.എ.സി.ഇ.ഇ കാമ്പസിൽ നടത്തുന്ന ആറ് മാസ കാലയളവുളള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി. ഫീസ്: 7500 രൂപ). സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ (യോഗ്യത: ജി.എൻ.എം/ബി.എസ്.സി നഴ്സിംഗ് കൂടാതെ കേരള രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. ഫീസ്: 7500 രൂപ) കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു. അവസാന തീയതി ആഗസ്റ്റ് 30. പി.ജി ഡിപ്ലോമ ഇൻ യോഗാ തെറാപ്പി കോഴ്സിന് സീറ്റ് ഒഴിവുണ്ട്. (യോഗ്യത: സർവകലാശാല അംഗീകൃത ബിരുദം, ഫീസ്: 19,600/– രൂപ, കാലാവധി: ഒരു വർഷം). ക്ലാസുകൾ ആഗസ്റ്റ് 19 ന് ആരംഭിക്കും. വിശദവിവരങ്ങൾക്ക് സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471 2302523

## പരീക്ഷാഫലം

2019 ജൂണിൽ നടത്തിയ എം.എ പൊളിറ്റിക്കൽ സയൻസ് 2017 – 2019 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 2019 ഫെബ്രുവരിയിൽ നടന്ന നാലാം സെമസ്റ്റർ എം.എ ഫിലോസഫി, അറബിക് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എസ്.സി കൗൺസിലിംഗ് സൈക്കോളജി, ജിയോളജി, ഹോം സയൻസ് (ഫാമിലി റിസോഴ്സ് മാനേജ്മെന്റ്, എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ, ഫുഡ് ആന്റ് ന്യൂട്രീഷ്യൻ, ന്യൂട്രീഷ്യൻ ആന്റ് ഡയറ്ററ്റിക്സ്), എം.എസ്.ഡബ്ല്യൂ (സോഷ്യൽ വർക്) എന്നീ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.

## സീറ്റ് ഒഴിവ്

കാര്യവട്ടം കാമ്പസിലെ നിയമ പഠന വകുപ്പിൽ എൽ.എൽ.എം (സി.എസ്.എസ്) 2019 – 20 പ്രോഗ്രാമിൽ എസ്.ടി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. താൽപ്പര്യമുളളവർ അസ്സൽ രേഖകളുമായി ആഗസ്റ്റ് 16 ന് രാവിലെ 10.30 ന് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 0471 – 2308936

## ഓറിയന്റേഷൻ പ്രോഗ്രാം

വിദൂര വിദ്യാഭ്യാസ വിഭാഗത്തിലെ പി.ജി വിദ്യാർത്ഥികൾക്കായി തൊഴിൽ നൈപുണ്യ വികസനത്തിനായി ഏക ദിന ഓറിയന്റേഷൻ പ്രോഗ്രാം ആഗസ്റ്റ് 14 ന് രാവിലെ 10 മുതൽ 4 വരെ സെനറ്റ് ചേംബറിൽ വെച്ച് നടത്തുന്നു. താല്പര്യമുള്ളവർക്ക് രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക്: www.ideku.net

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2019
## എസ്.സി/എസ്.ടി. സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 13–ന് സെനറ്റ് ഹാളിൽ

2019–20–ലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിൽ ആഗസ്റ്റ് 13–ന് ഹാജരാകേണ്ടതാണ്. രാവിലെ 9 മണി മുതൽ 11 മണി വരെ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. നിലവിൽ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ പ്രവേശന ഫീസ് (310/– രൂപ) ഒടുക്കേണ്ടതാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസായ 310/– രൂപ മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് കൈവശം സൂക്ഷിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ചതിന് ശേഷം മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ. സ്പോട്ട് അലോട്ട്മെന്റിനായി സർവകലാശാലയിലേയ്ക്ക് അപേക്ഷകൾ ഒന്നും തന്നെ അയയ്ക്കേണ്ടതില്ല.

<u>പ്രത്യേക കുറിപ്പ്</u>: എല്ലാ പ്രധാന പത്രങ്ങളുടേയും എല്ലാ എഡിഷനുകളിലും 2019 ആഗസ്റ്റ് 10, 11, 12 എന്നീ തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്.

09-08-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)


e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**